മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ജൂലൈ 30

# വാർത്താക്കുറിപ്പ്

---

## എം.ജി. ബിരുദ ഏകജാലക പ്രവേശനം

സ്പോർട്സ് / കൾച്ചറൽ / പി.ഡി. ക്വാട്ടകളിലേക്കുള്ള പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. അന്തിമ റാങ്ക് ലിസ്റ്റ് ആഗസ്റ്റ് നാലിന് പ്രസിദ്ധീകരിക്കും. പ്രവേശനം ആഗസ്റ്റ് നാല്, അഞ്ച് തീയതികളിൽ ബന്ധപ്പെട്ട കോളേജുകളിൽ വച്ച് നടത്തും.

(പി.ആർ.ഒ./39/1027/2022)

## പരീക്ഷ മാറ്റി

ആഗസ്റ്റ് ഒന്ന്, മൂന്ന്, അഞ്ച് തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന അഫിലിയേറ്റഡ് കോളേജുകളുടെ മൂന്ന് വർഷ യൂണിറ്ററി എൽ.എൽ.ബി. പ്രോഗ്രാമിന്റെ അഞ്ചാം സെമസ്റ്റർ (2019 അഡ്മിഷൻ - റെഗുലർ / 2018 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷകൾ മാറ്റി വച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

(പി.ആർ.ഒ./39/1028/2022)

## പ്രാക്ടിക്കൽ പരീക്ഷ

2022 ജൂണിൽ നടന്ന ഒന്നാം സെമസ്റ്റർ ബി.വോക്. ബ്രോഡ്കാസ്റ്റിംഗ് ആൻഡ് ജേർണലിസം പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ആഗസ്റ്റ് 10 ന് അതത് കോളേജുകളിൽ വച്ച് നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1029/2022)

ഒന്നാം സെമസ്റ്റർ ബി.വോക് കളിനറി ആർട്ട്സ് ആന്റ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (2021 അഡ്മിഷൻ - റെഗുലർ - പുതിയ സ്കീം) ജൂൺ 2022 ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ആഗസ്റ്റ് മൂന്ന് മുതൽ 11 വരെ തീയതികളിൽ സെന്റ് സേവിയേഴ്സ് കോളേജ് ഫോർ വിമൺ, ആലുവയിൽ വച്ച് നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1030/2022)

2022 ജൂണിൽ നടന്ന ഏഴാം സെമസ്റ്റർ ഐ.എം.സി.എ. (2018 അഡ്മിഷൻ - റെഗുലർ / 2017 അഡ്മിഷൻ - സപ്ലിമെന്ററി), ഡി.ഡി.എം.സി.എ. (2016, 2015, 2014 അഡ്മിഷനുകൾ - സപ്ലിമെന്ററി)

പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ആഗസ്റ്റ് 16 മുതൽ അതത് കോളേജുകളിൽ വച്ച് നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1031/2022)

2022 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ ഐ.എം.സി.എ. - പുതിയ സ്കീം (2020 അഡ്മിഷൻ - റെഗുലർ / 2019, 2018, 2017 അഡ്മിഷൻ - സപ്ലിമെന്ററി), ഡി.ഡി.എം.സി.എ. (2014, -2016 അഡ്മിഷനുകൾ - സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ആഗസ്റ്റ് ഒൻപത് മുതൽ അതത് കോളേജുകളിൽ വച്ച് നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1032/2022)

രണ്ടാം സെമസ്റ്റർ ബി.വോക് ഡിഗ്രി ഫാഷൻ ഡിസൈൻ ആന്റ് മാനേജ്മെന്റ് / ഫാഷൻ ടെക്നോളജി ആൻഡ് മർച്ചൻഡൈസിംഗ് (ന്യൂ സ്കീം - 2020 അഡ്മിഷൻ - റെഗുലർ / 2019, 2018 അഡ്മിഷൻ - റീ-അപ്പിയറൻസ് / ഇംപ്രൂവ്മെന്റ്) ജൂലൈ 2022 പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ആഗസ്റ്റ് ഒൻപത് മുതൽ 22 വരെ അതത് കോളേജുകളിൽ വച്ച് നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1033/2022)

ഒന്നാം സെമസ്റ്റർ ബി.വോക് ഫുഡ് പ്രോസസ്സിംഗ് ടെക്നോളജി (2021 അഡ്മിഷൻ - റെഗുലർ - ന്യൂ സ്കീം) ജൂൺ 2022 ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ആഗസ്റ്റ് മൂന്ന്, നാല് തീയതികളിൽ പാലാ, സെന്റ് തോമസ് കോളേജിൽ വച്ച് നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1034/2022)

2022 ജൂണിൽ നടന്ന ഒന്ന്, രണ്ട് സെമസ്റ്റർ ബി.വോക് അനിമേഷൻ ആന്റ് ഗ്രാഫിക് ഡിസൈൻ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ആഗസ്റ്റ് നാല് മുതൽ മാറമ്പള്ളി, എം.ഇ.എസ്. കോളേജിൽ വച്ച് നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1035/2022)

2022 ജൂണിൽ നടന്ന ഒന്ന്, രണ്ട് സെമസ്റ്റർ ബി.വോക് ഫാഷൻ ടെക്നോളജി പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ആഗസ്റ്റ് അഞ്ച് മുതൽ പാലാ, അൽഫോൻസാ കോളേജിൽ വച്ച് നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1036/2022)

## പരീക്ഷാ ഫലം

2021 മാർച്ചിൽ നടന്ന ഒന്ന്, രണ്ട് സെമസ്റ്റർ എം.കോം. (2019 അഡ്മിഷൻ - പ്രൈവറ്റ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും നിശ്ചിത ഫീസടച്ച് ആഗസ്റ്റ് 16 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ./39/1037/2022)

ഒന്നാം സെമസ്റ്റർ പി.ജി.സി.എസ്.എസ്. എം.എസ്.സി. ഡാറ്റാ അനലിറ്റിക്സ് (2020 അഡ്മിഷൻ - റെഗുലർ) നവംബർ 2021 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും നിശ്ചിത ഫീസടച്ച് ആഗസ്റ്റ് 11 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ./39/1038/2022)

2021 മാർച്ചിൽ നടത്തിയ ഒന്ന്, രണ്ട് സെമസ്റ്റർ എം.എ. ഇംഗ്ലീഷ് (പ്രൈവറ്റ് - റെഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും നിശ്ചിത ഫീസടച്ച് ആഗസ്റ്റ് 16 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ./39/1039/2022)

2022 ഏപ്രിൽ മാസത്തിൽ നടന്ന മൂന്നാം സെമസ്റ്റർ ബി.എഡ്. (റെഗുലർ / സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും നിശ്ചിത ഫീസടച്ച് ആഗസ്റ്റ് 16 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ./39/1040/2022)

**അനിൽകുമാർ ജി.**
**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**